പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com
27.04.23

# പ്രീ-പ്രൈമറിയിലെ എല്ലാ കുട്ടികളേയും ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണം

-ബാലാവകാശ കമ്മീഷൻ

സംസ്ഥാനത്തെ സർക്കാർ, സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിലെ എല്ലാ കുട്ടികളേയും ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. പ്രീ-പ്രൈമറി വിഭാഗങ്ങൾക്ക് അംഗീകാര മുണ്ടോ ഇല്ലയോ എന്ന് പരിഗണിക്കാതെ നിരുപാധികം ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്താനും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും കമ്മീഷൻ അംഗം റെനി ആന്റണി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശം നൽകി.

സർക്കാർ, സർക്കാർ-എയ്ഡഡ് സ്കൂളുകളോട് ചേർന്ന് അംഗീകാരമുള്ളതും ഇല്ലാത്തതുമായ പ്രീ-പ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകാര മില്ലാത്തതിനാൽ ഈ സ്കൂളുകളിലെ കുട്ടികൾക്ക്, മറ്റ് കുട്ടികൾക്ക് ലഭിക്കുന്ന ഉച്ചഭക്ഷണം നിഷേധിക്കുന്നത് ദേശീയവും അന്തർദേശീയവുമായ ബാലാവകാശ നിയമങ്ങളുടെ ലംഘനമാണ്. ഈ കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിച്ച്, ദേശീയ ഭക്ഷ്യസുരക്ഷാ ആക്റ്റ് പ്രകാരം പോഷക സുരക്ഷ ഉറപ്പുവരുത്തണം. അല്ലെങ്കിൽ എല്ലാ കുട്ടികളേയും ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തണം.

കുമ്മിൾ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം അനുവദിക്കുന്നതിന് നിരവധി അപേക്ഷകൾ നൽകിയയെങ്കിലും പരിഗണിച്ചില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. പ്രദേശത്തെ പല സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി കുട്ടികൾക്കും ഉച്ചഭക്ഷണം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ കുമ്മിൾ സ്കൂളിലെ കുട്ടികളെ കൂടി ഉൾപ്പെടുത്തിയാൽ നൂറോളം പേർക്ക് ഗുണം ലഭിക്കും. തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സ്കൂളിലെ അധ്യാപക-രക്ഷാകർത്തൃസമിതി യുടെ നേതൃത്വത്തിൽ 64 പ്രീ-പ്രൈമറി കുട്ടികളുടെ രക്ഷിതാക്കൾ കമ്മീഷന് സമർപ്പിച്ച പരാതി പരിഗണിച്ചാണ് ഉത്തരവ്. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് 60 ദിവസത്തിനകം കമ്മീഷന് സമർപ്പിക്കാനും നിർദ്ദേശിച്ചു. 2005 ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ വകുപ്പ് 15, 2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ ആക്റ്റ് സെക്ഷൻ 5 എന്നിവ പ്രകാരമാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

**പബ്ളിക് റിലേഷൻസ് ഓഫീസർ**